# ബൈബിൾ കറസ്പോൺടൻസ് കോഴ്സ്

(വി. മത്തായി എഴുതിയ സുവിശേഷം)

# Bible Correspondence Course on Gospel of St. Mathew

==========================================

നിങ്ങളുടെ പേരും വിലാസവും ..........................................................................................................

..........................................................................................................................................

==========================================================

## പാഠം – 1

## A യേശുക്രിസ്തുവിന്റെ വംശാവലി (മത്തായി 1:1–17)

[NB:- ഈ ഭാഗം മത്തായി സുവിശേഷത്തിൽ നിന്നും സശ്രദ്ധം വായിച്ച ശേഷം താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. ഓരോ പാഠഭാഗവും സുവിശേഷത്തിൽ നിന്നും വായിച്ച ശേഷം മാത്രം ഉത്തരങ്ങൾ എഴുതുവാൻ ശ്രദ്ധിക്കുക].

യേശുക്രിസ്തുവിന്റെ പൂർവ്വപിതാക്കൻമാരുടെ ഒരു പട്ടിക (വംശാവലി)യോടുകൂടിയാണ് സുവിശേഷം ആരംഭിക്കുന്നത്.

തിരുവെഴുത്തുകൾ അനുസരിച്ച് യേശു ലോകത്തിലേക്ക് വരുവാനുള്ള സാക്ഷാൽ 'മശിഹ' അഥവാ 'ക്രിസ്തു' എന്നു തെളിയിക്കുകയാണ് ഇതിന്റെ ലക്ഷ്യം. 'മശിഹ' എന്നത് എബ്രായ പദവും 'ക്രിസ്തു' എന്നത് ഗ്രീക്കു പദവും ആകുന്നു. രണ്ടിനും 'അഭിഷേകം ചെയ്യപ്പെട്ടവൻ' എന്നാണ് അർത്ഥം. ദുഷ്ട ശക്തിയിൽ നിന്നും ലോകത്തെ വിടുവിക്കേണ്ടതിന് ദൈവത്താൽ വാഗ്ദത്തം ചെയ്യപ്പെട്ട രാജാവ് എന്നാണ് തിരുവെഴുത്തുകൾ അനുസരിച്ചുള്ള അർത്ഥം. യേശു ക്രിസ്തു ആരാകുന്നു എന്നു പറഞ്ഞിരിക്കുന്നു? (1:1).

1) ..........................................പുത്രനായ..........................................പുത്രനായ..........................................

ദാവീദ് ഏറ്റവും പ്രമുഖനായ ഒരു രാജാവായിരുന്നു. അവൻ നീതിയും ന്യായവും നടത്തി വന്നു. കൂടാതെ അനേകം സങ്കീർത്തനങ്ങളുടെ (സെബൂർ) രചയിതാവുമാണ്.

അബ്രഹാം യഹൂദാ ജനത്തിന്റെയും, മതത്തിന്റെയും പിതാവായിരുന്നു. എല്ലാവിധത്തിലുമുള്ള വാഗ്ദത്തങ്ങളെയും നിറവേറ്റിക്കൊണ്ട് യേശുക്രിസ്തു ഈ ലോകത്തിൽ വന്നു. യേശുവിൽ പ്രവാചകൻമാരുടെ സകല പ്രത്യാശയും പൂർണ്ണമായി നിവൃത്തിയായി. യേശു പ്രത്യേക തരത്തിലുള്ള യോഗ്യതകളില്ലാത്ത ജന മദ്ധ്യേയാണ് ജനിച്ചത്. അവരുടെ പാപങ്ങൾ വഹിക്കുവാൻ തന്നത്താൻ താഴ്ത്തിയ രാജാവായി യേശു വന്നു.

2) ഈ പേരുകളുടെ പട്ടിക മത്തായി എങ്ങിനെ അവസാനിപ്പിക്കുന്നു? (1:16)

"യാക്കോബ്" മറിയയുടെ ..........................................................................................

..........................................................................................................................

..........................................................................................................ജനിച്ചു.

"ക്രിസ്തു" എന്നതിനു 'അഭിഷേകം ചെയ്യപ്പെട്ടവൻ' അഥവാ 'മശിഹ' എന്നാണ് അർത്ഥം. മുൻകാലങ്ങളിൽ രാജാക്കൻമാർ, പുരോഹിതൻമാർ, പ്രവാചകൻമാർ എന്നിവരെ എണ്ണകൊണ്ട് അഭിഷേകം ചെയ്യുമായിരുന്നു.

# B. യേശുവിന്റെ ജനനം (1:18–25)

1. മറിയയെപ്പറ്റി എന്തു പറയുന്നു? (1:18)
   a) അവന്റെ അമ്മയായ മറിയ യോസഫിന്.................................................................................................
   b) അവർ കൂടി വരും മുമ്പ്.................................................................................................
2. യോസേഫിനെപ്പറ്റി എന്തു പറഞ്ഞിരിക്കുന്നു? (1:19)
   a) അവളുടെ ഭർത്താവായ യോസേഫ് .................................................................................................
   b) അവളെ ഗൂഢമായി .................................................................................................
3. ദൂതൻ എന്തു കല്പിച്ചു? (1:20)
   a) നിന്റെ ഭാര്യയായ മറിയയെ .................................................................................................
   b) അവളിൽ ഉല്പാദിതമായത്.................................................................................................
4. ജനിക്കുന്ന ശിശു എന്തു ചെയ്യും? (വാ. 21)
   അവൻ തന്റെ ജനത്തെ .................................................................................................
   .................................................................................................രക്ഷിക്കും.
5. പൈതലിന് എന്തു പേർ ഇടണം. കാരണമെന്ത്? (വാ. 21)
   .................................................................................................
   .................................................................................................

ഗ്രന്ഥകാരൻ നമ്മെ അറിയിക്കുവാൻ ആഗ്രഹിക്കുന്ന 'നല്ല വർത്തമാനം' അതായത് 'സുവിശേഷം' 21-ാം വാക്യത്തിൽ തെളിവായി കാണുന്നു. നമ്മുടെ പാപങ്ങളിൽ നിന്നും രക്ഷിപ്പാനാണ് യേശു ഈ ലോകത്തിൽ വന്നത്.

6. അനേകം നൂറ്റാണ്ടുകൾക്കു മുൻപ് എഴുതപ്പെട്ട ഒരു വിശിഷ്ട പ്രവചനത്തെ ഗ്രന്ഥകാരൻ 22-ാം വാക്യത്തിൽ ഉദ്ധരിക്കുകയാണ്. ആ പ്രവചനം നിവൃത്തിയാകുവാൻ ഇതെല്ലാം സംഭവിച്ചു എന്ന വസ്തുത ശ്രദ്ധേയമാണ്. ആ പ്രവചനം ഏത്?
   'കന്യക ഗർഭിണിയായി.................................................................................................
   .................................................................................................
   .................................................................................................പേർ വിളിക്കും'.

# C. വിദ്വാൻമാരുടെ സന്ദർശനം (2:1–12)

വീണ്ടെടുപ്പ് ഒരു പ്രത്യേക ജനത്തിനോ, ദേശത്തിനോ ആയി ക്ലിപ്തപ്പെടുത്തിയിട്ടില്ല. അത് ദൈവം എല്ലാവർക്കുമായി ഒരുക്കീട്ടുള്ളതാണ്.

1. യേശു ക്രിസ്തു എവിടെ ജനിച്ചു ? (2:1)
   .................................................................................................

   യെരുശലേമിന് 6 മൈൽ തെക്ക് സ്ഥിതി ചെയ്യുന്ന ഒരു ചെറിയ പട്ടണമാണ് ബെത്ലഹേം. എങ്കിലും ദാവീദ് എന്ന മഹാനായ രാജാവിന്റെ ജന്മദേശം എന്ന പ്രസിദ്ധി അതിനുണ്ടായിരുന്നു.
2. കിഴക്കു നിന്ന് വിദ്വാൻമാർ വന്ന ഉദ്ദേശമെന്ത്? (2:2)
   .................................................................................................
   .................................................................................................
3. മഹാ പുരോഹിതന്മാരോടും ശാസ്ത്രിമാരോടും ഹെരോദാവ് എന്തു ചോദിച്ചു? (2:4)
   .................................................................................................
   .................................................................................................

4. വിദ്വാൻമാരെ അയക്കുമ്പോൾ ഹെരോദാവ് അവരോട് പറഞ്ഞതെന്ത്? (2:8)

..........................................................................................................................................

..........................................................................................................................................

5. വിദ്വാൻമാർ എന്തു ചെയ്തു? (2:11) നിക്ഷേപ പാത്രങ്ങളെ തുറന്ന് ..........................................................

..........................................................................................................................................

.......................................................................................................................... കാഴ്ചവെച്ചു.

6. അവർ വേറെവഴിയായി മടങ്ങിപ്പോയതെന്തുകൊണ്ട്?

..........................................................................................................................................

..........................................................................................................................................

സമീപത്തു നിന്നും അകലെ നിന്നും വിവിധ നിലകളിലുള്ളവർ വന്ന് യേശുവിനെ നമസ്ക രിച്ചു. ഇന്നും പണ്ഡിതൻമാരും, രാജാക്കൻമാരും, സാധാരണക്കാരും ഈ യേശുവിനെ നമസ്ക്കരിച്ച് ആശ്വാസവും സമാധാനവും പ്രാപിച്ചു വരുന്നു.

## D. നിർദ്ദോഷികളായ ശിശുക്കൾ വധിക്കപ്പെട്ടത് (2:13–23)

1. വിദ്വാൻമാർ പോയശേഷം യോസേഫിനോട് ദൂതൻ എന്തറിയിച്ചു?

..........................................................................................................................................

..........................................................................................................................................

2. വിദ്വാൻമാർ തന്നെ കളിയാക്കി എന്ന് കൺടപ്പോൾ ഹെരോദാവ് ചെയ്തതെന്ത്? (2:16)

..........................................................................................................................................

..........................................................................................................................................

3. ശിശുവിനെ വധിക്കുവാൻ നോക്കിയവന് എന്തു സംഭവിച്ചു? (2:20)

..........................................................................................................................................

..........................................................................................................................................

4. യേശു എന്ന ശിശുവിനെ കൊല്ലുവാൻ മനുഷ്യശക്തിക്കു കഴിഞ്ഞുവോ?

..........................................................................................................................................

..........................................................................................................................................

ഏതു നൂറ്റാൺടിലും കാണുന്ന ഒരു ചിത്രമാണിത്. സർവ്വ ശക്തനായ ദൈവത്തിന്റെ വഴി കൾക്ക് വിരോധമായി പ്രവർത്തിക്കുവാൻ വൻ ശക്തികൾ ശ്രമിച്ചിട്ടു്. എന്നാൽ ശക്തികൾ എല്ലാം ക്രമേണ നശിച്ചുപോകുന്നതായും, യേശുവിന്റെ നാമം വീൺടും മഹത്വത്തോടെ അതേ സ്ഥലങ്ങളിൽതന്നെ ജീവിക്കുന്നതായും ചരിത്രം സാക്ഷ്യം വഹിക്കുന്നു.

പാഠം - 2

# A. യേശുവിന്റെ മുൻ ദൂതൻ (3:1–12)

1. യോഹന്നാൻ എന്ത് പ്രസംഗിച്ചു ?

.................................................................................................................................................

.................................................................................................................................................

2. എല്ലാ നാട്ടുകാരും അവന്റെ അടുക്കൽ ചെന്ന് എന്തു ചെയ്തു ?

.................................................................................................................................................

.................................................................................................................................................

സ്നാനം എന്നത് പാപങ്ങൾ കഴുകപ്പെടുന്നു എന്നതിന്റെ അടയാളത്തിനായി വെള്ളം ഉപയോഗിച്ചുള്ള മതപരമായ ഒരു ചടങ്ങായിരുന്നു.

3. പരീശൻമാരും സദൂക്യരും എന്തു ചെയ്യണമെന്ന് യോഹന്നാൻ ആവശ്യപ്പെട്ടു ? (3:8)

.................................................................................................................................................

.................................................................................................................................................

അബ്രഹാം ദൈവത്തിൽ വിശ്വസിക്കുകയും അനുസരിക്കുകയും ചെയ്തു. യഹൂദന്മാരാകട്ടെ തങ്ങളുടെ ജാതിയിലും പിതൃ പാരമ്പര്യത്തിലും ആശ്രയിച്ചു. അതുകൊൺടാണ് ഒരു പ്രത്യേക സമുദായത്തിൽ ജനിച്ചതുകൊൺടു മാത്രം ഒരാൾ രക്ഷിക്കപ്പെടുന്നില്ല എന്നു യോഹന്നാൻ അറിയിക്കുന്നത്. (വാ. 9-10)

4. യോഹന്നാന്റെ സ്നാനത്തിനും പിന്നാലെ വരുന്നവന്റെ സ്നാനത്തിനും തമ്മിലുള്ള വ്യത്യാസമെന്ത് ? (3:11)

a) ഞാൻ നിങ്ങളെ.......................................................................................................................

.................................................................................................................................................

b) അവൻ നിങ്ങളെ.....................................................................................................................

.................................................................................................................................................

# B. യേശുവിന്റെ സ്നാനം (3:13–17)

സ്നാനം, പിശാചിന്റെ പരീക്ഷ എന്നിവയ്ക്ക് ശേഷം യേശു തന്റെ പരസ്യ പ്രവർത്തനം ആരംഭിച്ചു. സ്നാനത്തോടു കൂടി പരസ്യ ശുശ്രൂഷയ്ക്കായുള്ള ദൈവ വിളി യേശുവിനു ലഭിച്ചു.

1. യേശു ഗലീലയിൽ വന്നത് എന്തിനായിരുന്നു ?

.................................................................................................................................................

.................................................................................................................................................

2. യോഹന്നാൻ എന്തു പറഞ്ഞു ? (3:14)

.................................................................................................................................................

.................................................................................................................................................

3. യോഹന്നാൻ തന്റെ താഴ്മയെ ഏത് വാക്കുകളാൽ പ്രസ്താവിച്ചു ? (3:11) 'എന്റെ പിന്നാലെ വരുന്നവന്റെ .................................................................................................................................
.......................................................................................................................ഞാൻ മതിയായവനല്ല'.

4. യേശു അവനോട് എന്തു പറഞ്ഞു ? (3:15)..

.................................................................................................................................................

.................................................................................................................................................

പാപികളുടെ മദ്ധ്യത്തിൽ യോർദ്ദാൻ നദിയിൽ സ്നാനമേറ്റ യേശു പരിശുദ്ധാത്മാവിലും തീയിലും തന്നിൽ വിശ്വസിക്കുന്നവർക്കു സ്നാനം നൽകും. പ്രസ്തുത സ്നാനം വിശ്വാസികൾക്ക് തുടർന്ന് നന്മ ചെയ്യുവാനുള്ള ദൈവീക ശക്തി നൽകപ്പെടുന്നതിനെ സൂചിപ്പിക്കുന്നു.

5. യേശു സ്നാനമേറ്റ ശേഷം വെള്ളത്തിൽ നിന്നും കയറുമ്പോൾ എന്തു വിശേഷ സംഭവമുണ്ടായി?

a) (വാ. 16) ..........................................................................................................

..........................................................................................................

b) (വാ. 17) ..........................................................................................................

..........................................................................................................

സ്വർഗ്ഗത്തിൽ നിന്നും ഉൺടായ ശബ്ദം ദൈവത്തിന്റേതായിരുന്നു. യേശുക്രിസ്തുവിനെ 'എന്റെ പ്രിയപുത്രൻ' എന്നു ദൈവം സംബോധന ചെയ്യുകയാണ്. ദൈവത്തിനും മശീഹയായി ലോക ത്തിലേക്ക് അയക്കപ്പെട്ട യേശുവിനും തമ്മിലുള്ള പ്രത്യേക ബന്ധത്തെയാണ് ഇതു കാണിക്കു ന്നത്. ഈ ബന്ധം ശാരീരികമായ ഒന്നല്ല. നിത്യ പിതാവായ ദൈവത്തിനും അവൻ 'പുത്രൻ' എന്നു നാമകരണം ചെയ്ത മശീഹായ്ക്കും തമ്മിലുള്ള നിത്യ സ്നേഹത്തിന്റെ ബന്ധമാണ്.

## C. യേശു പരീക്ഷിക്കപ്പെടുന്നു. (4:1–11)

1. പരീക്ഷകൻ അടുത്തു വന്ന് എന്തു പറഞ്ഞു ?

..........................................................................................................

..........................................................................................................

സ്വന്തം വിശപ്പിനെ തൃപ്തിപ്പെടുത്തുവാൻ തന്റെ ദൈവീക ശക്തി ഉപയോഗിക്കണമെന്നുള്ള ഈ പരീക്ഷയെ യേശു എതിർത്തു. ലൌകീക നന്മകളാൽ ജനങ്ങളെ ദൈവ രാജ്യത്തിലേക്ക് ആകർഷിക്കുവാൻ യേശു ആഗ്രഹിച്ചില്ല എന്നാണ് ഈ സംഭവം സ്പഷ്ടമാക്കുന്നത്.

2. ദൈവാലയത്തിന്റെ അഗ്രത്തിൽ കൊൺടു പോയി എന്തു പറഞ്ഞു?

..........................................................................................................

..........................................................................................................

3. യേശു അവനോട് പറഞ്ഞതെന്ത് ?

ദൈവാലയ ഗോപുരത്തിൽ നിന്നും താഴേക്ക് (450 അടി) ചാടുന്നത് ജനങ്ങൾ കാണുമ്പോൾ ഈ അൽഭുതത്തിൽ വിശ്വസിച്ച് യേശുവിനെ അനുഗമിക്കുമെന്നാണ് പിശാച് ഉപദേശിക്കുന്നത്. ദൈവം നൽകുന്ന ശക്തി സ്വന്തം മഹത്വത്തിനല്ല പ്രത്യുത ദൈവ ഇഷ്ടത്തിനു മാത്രം ഉപയോ ഗിക്കേൺടതാകുന്നു എന്ന് യേശു വ്യക്തമാക്കി.

4. ഉയർന്ന മലയിൽ കൊൺടുപോയശേഷം പിശാച് പറഞ്ഞതെന്ത് ?

..........................................................................................................

..........................................................................................................

5. യേശു എന്തു മറുപടി നൽകി ?

..........................................................................................................

..........................................................................................................

ശക്തിയും നിർബന്ധവും ഉപയോഗിച്ച് ലോകത്തെ കീഴ്പ്പെടുത്തണമെന്ന് പിശാച് ഇവിടെ സൂചിപ്പിക്കുന്നു. എന്നാൽ ദൈവത്തിന്റെ മാർഗ്ഗം സ്നേഹത്തിന്റെയും ദയയുടേതുമാണ്. സ്നേഹിക്കുകയും സേവിക്കുകയുമാണല്ലോ യേശു ചെയ്തത്. ഇങ്ങനെ പിശാച് എന്നന്നേക്കു മായി തോറ്റുപോയി.

## പാഠം 3

# യേശുവിന്റെ പ്രവർത്തനവും ശിക്ഷ്യൻമാരും (4:12–25)

1. യേശു വന്നു താമസമാക്കിയ പ്രദേശത്തെ യെശയ്യാവ് എങ്ങനെ വിവരിച്ചിരിക്കുന്നു?
   'ഇരുട്ടിൽ ഇരിക്കുന്ന ജനം ..............................................................................................
   ..............................................................................................ഉദിച്ചു'.
2. യേശു എന്തു പ്രസംഗിച്ചു തുടങ്ങി ? (4:17)
   ..............................................................................................
   ..............................................................................................

മാനസാന്തരം മനസ്സിന്റെ മാറ്റത്തെയും തന്റെ പാപത്തെപ്പറ്റിയുള്ള ദുഃഖത്തെയും സൂചിപ്പിക്കുന്നു.

3. ഏതു രൺടു സഹോദരൻമാരെ യേശു ശിഷ്യന്മാരായി വിളിച്ചു? (4:18)
   ..............................................................................................
4. യേശു അവരോട് എന്തു പറഞ്ഞു ?
   ..............................................................................................
   ..............................................................................................
5. വീൺടും യേശു കൺടതായ സഹോദരന്മാർ ആരായിരുന്നു?
   ..............................................................................................
   ..............................................................................................
6. ഗലീലയിലെ പ്രവർത്തനം ഏതു വിധത്തിൽ തുടർന്നു വന്നു ?(4: 23-25)
   a) അവരുടെ പള്ളികളിൽ..............................................................................
   b) രാജ്യത്തിന്റെ സുവിശേഷം..............................................................................
   c) ജനത്തിലുള്ള സകല വിധ ..............................................................................

# B. ഭാഗ്യവാന്മാർ (5:1–12)

യേശു പരിശുദ്ധാത്മാവിനാൽ അഭിഷിക്തനാകയും പരസ്യ ശുശ്രൂഷ ആരംഭിക്കുകയും ചെയ്തു. ശക്തിയാൽ മനുഷ്യരെ അനുസരിപ്പിക്കുക എന്ന സാത്താന്റെ മാർഗ്ഗത്തെ യേശു ഉപേക്ഷിക്കുകയും സ്നേഹത്താൽ മനുഷ്യ ഹൃദയങ്ങളെ ഭരിക്കുവാൻ ആരംഭിക്കുകയും ചെയ്തു. ദൈവ രാജ്യത്തിലെ പൗരന്മാരെക്കുറിച്ചുള്ള ഒരു യഥാർത്ഥ ചിത്രം 5 മുതൽ 7 വരെയുള്ള അദ്ധ്യായങ്ങളിൽ യേശു നമുക്ക് നൽകുന്നു. 'പർവ്വത പ്രസംഗം' എന്ന പേരിൽ സുപ്രസിദ്ധിയാർജ്ജിച്ചിട്ടുള്ള ഭാഗം ഇതാണ്.

1. യേശുവിനെ അനുഗമിക്കുന്നവരുടെ ഗുണങ്ങൾ പറയുക.

   ആത്മാവിൽ ദരിദ്രർക്ക് എന്തു ലഭിക്കും ?
   ..............................................................................................
   ദുഃഖിക്കുന്നവർക്ക് എന്തു ലഭിക്കും ?
   ..............................................................................................
   സൗമ്യതയുള്ളവർ എന്തു ചെയ്യും ?
   ..............................................................................................
   നീതിക്ക് വിശന്നു ദാഹിക്കുന്നവർക്ക് എന്തു ലഭിക്കും ?
   ..............................................................................................
   കരുണയുള്ളവർക്ക് എന്തു ലഭിക്കും ?
   ..............................................................................................

ദരിദ്രൻ എന്ന വാക്ക് തന്റെ ആത്മീകാവശ്യത്തെക്കുറിച്ച് ബോധമുള്ള ഒരുവനെ കുറിക്കുന്നു. ഏതു മനുഷ്യാത്മാവും ആത്മീയമായി ദാരിദ്ര്യത്തിലാണ് കഴിയുന്നത്. എന്നാൽ ക്രിസ്തു അതിനെ സമ്പന്നമാക്കുന്നു.

സ്വന്തം ജീവൻ നഷ്ടപ്പെടുവാൻ ഇടയുൺടെങ്കിലും യേശുവിൽ വിശ്വസിക്കുകയും അവസാനത്തോളം അവനിലുള്ള വിശ്വാസത്തിൽ നില നിൽക്കുകയും വേണമെന്ന് (വാ. 11-12) പറയുന്ന ഭാഗം ശ്രദ്ധിക്കുക.

## C. ലോകത്തിന്റെ ഉപ്പും വെളിച്ചവും (5:13-16)

തന്റെ ശിഷ്യന്മാരും ലോകവും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് ഈ ഭാഗത്തിൽ യേശു പ്രതിപാദിക്കുന്നു.

1. നിങ്ങൾ ഭൂമിയുടെ ........................................................................................................ആകുന്നു.
2. ഉപ്പിന് കാരമില്ലാതെ പോയാൽ എന്തു സംഭവിക്കും?

........................................................................................................................................

........................................................................................................................................

3. ലോകത്തിൽ ശിഷ്യന്മാർക്കുള്ള സ്ഥാനം കാണിക്കുവാൻ യേശു എന്തു വിശദീകരണം നൽകുന്നു? (വാ. 14-15) നിങ്ങൾ ലോകത്തിന്റെ........................................................................

........................................................................................................................................

   a) മലമേൽ ........................................................................................................പാടില്ല.

   b) വിളക്ക് ........................................................................................................വയ്ക്കുന്നത്.

4. യേശു ശിഷ്യന്മാരെ ഏതു വിധത്തിൽ ബുദ്ധി ഉപദേശിച്ചു ?

   അങ്ങനെ തന്നെ മനുഷ്യർ..............................................................................................

........................................................................................................................................

........................................................................................................................................

........................................................................................................................................പ്രകാശിക്കട്ടെ.

ക്രിസ്തുവിന്റെ ശിഷ്യൻ മറഞ്ഞിരിക്കുന്നവനും മറ്റുള്ളവരാൽ അറിയപ്പെടാത്തവനും ആയിരിക്കുവാൻ പാടില്ല. അവൻ കാണപ്പെടേൺടവനും അറിയപ്പെടേൺടവനുമാണ്. രഹസ്യ ശിഷ്യന്മാരായിരിക്കുവാൻ ആഗ്രഹിക്കുന്നവരും സാക്ഷ്യം പറയുവാൻ മടിക്കുന്നവരും യേശുവിന്റെ ഈ താക്കീത് (വാ. 14-16) ശ്രദ്ധിക്കട്ടെ.

## D. ന്യായപ്രമാണത്തെപ്പറ്റിയുള്ള യേശുവിന്റെ വീക്ഷണം (5:17-32)

ന്യായപ്രമാണത്തെപ്പറ്റി രൺടു വിധ ചിന്താഗതികൾ കാണുന്നു.

1. ചിലർ ന്യായപ്രമാണത്തെ എന്തു ചെയ്യണമെന്നും എന്തു ചെയ്യരുതെന്നും വിവരിക്കുന്ന ഒരു പ്രമാണമായി മാത്രം കരുതി ഈവിധ അനുഷ്ഠാനങ്ങളിൽ കൂടി ദൈവമുമ്പിൽ നീതിയും യോഗ്യതയും നേടുവാൻ കഴിയുമെന്ന് വിചാരിക്കുന്നു. തിന്മകളേക്കാൾ കൂടുതൽ നന്മകൾ ചെയ്ത് പാപത്തെ ജയിക്കാമെന്നും ദൈവത്തിന്റെ പ്രീതിയും രക്ഷയും സമ്പാദിക്കാമെന്നും ഇക്കൂട്ടർ കരുതുന്നു.

2. യേശുവിന്റെ രക്ഷാവേല നിമിത്തം ദൈവം കൃപയാൽ തന്റെ പാപങ്ങൾ മോചിക്കുകയും, ഒരു പുതിയ ഹൃദയം തന്നിൽ സൃഷ്ടിക്കുകയും ചെയ്യുന്നു എന്നും അങ്ങിനെ യേശു ക്രിസ്തുവിൽ ആയിത്തീർന്നിരിക്കുന്ന ഒരുവന്റെ ഹൃദയത്തിൽ നിന്നും ന്യായപ്രമാണത്തിന്റെ പ്രവർത്തികൾ സ്വയമായി പുറപ്പെടുന്നുവെന്നും ഉള്ളതാണ് വേറൊരു ചിന്താഗതി.

ബൈബിൾ രൺടാമത്തെ ചിന്താഗതിയെയാണ് പഠിപ്പിക്കുന്നത്. ആദ്യത്തേത് ഏതു മനുഷ്യനെ സംബന്ധിച്ചും പ്രായോഗികമല്ലല്ലോ.

രൺടാമത്തെ വഴിയിൽ 'ന്യായപ്രമാണം' മാഞ്ഞുപോകുന്നില്ല. എന്നാൽ അത് കൂടുതൽ തൃപ്തികരമായ വിധത്തിൽ നിറവേറ്റപ്പെടുകയാണ്. യേശു ഇതിനെ സംബന്ധിച്ച് എന്തു പറയുന്നു? (വാ. 17)

1. 'ഞാൻ ന്യായപ്രമാണത്തെയോ ..........................................................................................
..........................................................................................................................
..........................................................................................................................
..........................................................................................................................വന്നത്' .

2. സ്വർഗ്ഗ രാജ്യത്തിൽ ഏറ്റവും ചെറിയവനെന്ന് വിളിക്കപ്പെടുന്നവൻ ആര്?
..........................................................................................................................
..........................................................................................................................

3. 'സ്വർഗ്ഗരാജ്യത്തിൽ ഏറ്റവും വലിയവൻ എന്ന് ആർ വിളിക്കപ്പെടും'?
അവയെ ആചരിക്കുകയും ..........................................................................................
..........................................................................................................................
..........................................................................................................................

4. ഇത് സംബന്ധിച്ച് യേശു ശിഷ്യന്മാർക്ക് നൽകിയ മുന്നറിയിപ്പ് എന്ത്?
'നിങ്ങളുടെ നീതി ..........................................................................................
..........................................................................................................................
..........................................................................................എന്നു ഞാൻ പറയുന്നു'.

നിയമങ്ങളിൽ അനുഷ്ഠിതമായ മതം, നിയമങ്ങളേയും ചട്ടങ്ങളേയും അനുസരിക്കുന്നതിനും മതത്തിന്റെ പുറമേയുള്ള കാര്യങ്ങളെ ശ്രദ്ധിക്കുന്നതിനും കൂടുതൽ പ്രാധാന്യം കൊടുക്കുന്നു. എന്നാൽ മാനസാന്തരത്താൽ പുതുക്കപ്പെട്ട ഹൃദയത്തോടു കൂടി ദൈവത്തിന്റെ ഭരണത്തിൻ കീഴിൽ ജീവിക്കുന്ന ഒരു വ്യക്തിയുടെ ഹൃദയത്തിൽ നിന്നും സ്വാഭാവികമായി ഒഴുകി വരുന്ന നീതിയാണ് യേശു ആവശ്യപ്പെടുന്നത്.

5. കൊല ചെയ്യുന്നതു സംബന്ധിച്ച് യേശു എന്തു പറഞ്ഞു?(വാ. 22)
..........................................................................................................................
..........................................................................................................................

6. സഹോദരനെ 'നിസ്സാര' എന്നു വിളിച്ചാൽ എന്തു ശിക്ഷ ഉൺടാകും?
..........................................................................................................................
..........................................................................................................................

7. 'മൂഢാ' എന്നു വിളിച്ചാൽ വരുന്ന ശിക്ഷ എന്ത്?
..........................................................................................................................
..........................................................................................................................

8. വഴിപാട് കഴിക്കുന്നതിനു മുമ്പ് എന്തു ചെയ്യണമെന്ന് യേശു പറയുന്നു? (വാ.23-24)

.................................................................................................................................................................

.................................................................................................................................................................

സഹോദരനോട് സമാധാനത്തിൽ കഴിയാത്തവന് ആരാധനയിൽ ദൈവവുമായുള്ള യഥാർത്ഥ ബന്ധം സ്ഥാപിക്കുവാൻ സാധിക്കുകയില്ല എന്ന് യേശു ശക്തി യുക്തം പ്രസ്താവിക്കുകയാണ്.

9. വലങ്കണ്ണോ, വലങ്കയ്യോ (ഏറ്റവും പ്രയോജനമുള്ള അവയവങ്ങൾ) നിങ്ങളെ പാപത്തിലേക്ക് നയിക്കുന്നുവെങ്കിൽ എന്തു കൊൺട് അവയെ ഉപേക്ഷിക്കേൺടതായിരിക്കുന്നു?

നിന്റെ ശരീരം മുഴുവൻ ..........................................................................................................................

.................................................................................................................................................................

.................................................................................................................................................................

.........................................................................................................................നിനക്ക് പ്രയോജനം.

# ബൈബിൾ കറസ്പോൺടൻസ് കോഴ്സ്

(വി. മത്തായി എഴുതിയ സുവിശേഷം)

# Bible Correspondence Course on Gospel of St. Mathew

==========================================

നിങ്ങളുടെ പേരും വിലാസവും ........................................................................................................

..........................................................................................................................................

==========================================

N.B:- ഓരോ പാഠഭാഗവും മത്തായി സുവിശേഷത്തിൽ നിന്നും വായിച്ച ശേഷം മാത്രം ഉത്തരങ്ങൾ എഴുതുവാൻ ശ്രദ്ധിക്കുക.

## പാഠം 4

## A. ശത്രുക്കളോട് എങ്ങിനെ പെരുമാറണം (5:38–42)

1. പ്രതികാര മനോഭാവത്തെപ്പറ്റി എന്തു പറഞ്ഞു?

‘നിന്റെ വലത്തെ ..........................................................................................................

..........................................................................................................................................

..........................................................................................................................................

..........................................................................................................പുതപ്പു വിട്ടുകൊടുക്കുക‘.

2. ശത്രുക്കളോട് എങ്ങിനെ പെരുമാറണമെന്ന് പഠിപ്പിക്കുന്നു? (വാ. 44)

..........................................................................................................................................

..........................................................................................................................................

3. സ്വർഗ്ഗസ്ഥനായ പിതാവ് എങ്ങനെയുള്ളവൻ ആയിരിക്കുന്നു?

..........................................................................................................................................

..........................................................................................................................................

## B. പ്രാർത്ഥനയെ സംബന്ധിച്ച് യേശുവിന്റെ ആഗ്രഹമെന്ത് (6:6)

N.B :- 9–15 വരെയുള്ള വാക്യങ്ങളിൽ യേശു പഠിപ്പിച്ച ഒരു മാതൃകാ പ്രാർത്ഥന കാണുന്നു. ഇതിൽ പ്രധാനമായി മൂന്നു ഭാഗങ്ങൾ അടങ്ങിയിരിക്കുന്നു.

a) ആത്മീയാവശ്യങ്ങൾക്കായുള്ള പ്രാർത്ഥന.

b) നമ്മുടെ ഭൗതീകാവശ്യങ്ങൾക്കായുള്ള പ്രാർത്ഥന.

c) സഹ മനുഷ്യരുടെ നന്മക്കായുള്ള പ്രാർത്ഥന.

‘കർത്താവിന്റെ പ്രാർത്ഥന‘ എന്ന പേരിൽ വിശ്വവിഖ്യാതി നേടിയിരിക്കുന്ന പ്രാർത്ഥനയാണ് ഇത് എന്ന് ഓർക്കേണ്ടതാണ്. ഏവരും എന്നും ഈ വിധം പ്രാർത്ഥിക്കണമെന്ന് യേശു കല്പിക്കുന്നു.

താഴെ കാണുന്ന വാക്യങ്ങളെ പൂരിപ്പിക്കുക:–

a) നിന്റെ നാമം ..........................................................................................................

..........................................................................................................................................

b) ഞങ്ങളുടെ കടക്കാരോട് ..........................................................................................................

..........................................................................................................................................

## C. വസ്തുവകകളുടെ ശരിയായ ഉപയോഗം (6:19–24)

1. സ്വർഗ്ഗത്തിലെ നിക്ഷേപത്തിന്റെ പ്രത്യേകത എന്ത്? (വാ. 20)

..............................................................................................................................

..............................................................................................................................

2. നമ്മുടെ ഹൃദയവും നിക്ഷേപവും തമ്മിലുള്ള ബന്ധമെന്ത്?

..............................................................................................................................

..............................................................................................................................

3. കണ്ണു ചൊവ്വുള്ളതെങ്കിൽ ..............................................................................................

..............................................................................................................................

4. രണ്ട് യജമാനന്മാരെ സേവിക്കുന്നവർക്ക് എന്തു സംഭവിക്കും?

..............................................................................................................................

..............................................................................................................................

5. പൂരിപ്പിക്കുക:–

നിങ്ങൾക്ക് 'ദൈവത്തേയും ..................................................................സേവിപ്പാൻ കഴികയില്ല'.

'നശിച്ചുപോകാത്ത സ്വർഗ്ഗീയ നിക്ഷേപം' എന്നത് നമ്മുടെ ആത്മാവിന്റെ രക്ഷയെ കുറിക്കുന്നു. എന്തു ത്യാഗം സഹിച്ചും നാം അതിനെ കൈവശപ്പെടുത്തണമെന്ന് പറയുകയാണ് (വാ. 19–21) 'മാമോൻ' (വാ. 24) എന്നത് ധനത്തെ അർത്ഥമാക്കുന്നു. ധനത്തെ സേവിക്കുന്നവർ ദൈവത്തിൽ നിന്നും അകന്നു പോകാൻ ഇടയുണ്ട് എന്ന സത്യം ഉദാഹരണം മുഖാന്തിരം (വാ. 24) വിശദീകരിക്കുകയാണ്.

## D. ആകുല ചിന്തയും ദൈവാശ്രയവും (മത്തായി 6:25–34)

1. ആഹാരത്തെക്കാൾ പ്രധാനമായത് (വലുത്) ഏത്?

..............................................................................................................................

2. ഉടുപ്പിനെക്കാൾ പ്രധാനമായത് (വലുത്) ഏത്?

..............................................................................................................................

3. മുമ്പേ നാം അന്വേഷിക്കേണ്ടതെന്ത്?

..............................................................................................................................

4. അതു കൊണ്ടുള്ള ഫലം എന്ത്?

..............................................................................................................................

## E. സഹോദരനെ വിധിക്കരുത് (7:1–6)

1. സ്വന്തം കണ്ണിൽ എന്തിരിക്കുന്നു?

..............................................................................................................................

2. സഹോദരന്റെ കണ്ണിൽ ഇരിക്കുന്നതെന്ത്?

..............................................................................................................................

'കരട്' ചെറിയ കുറ്റങ്ങളേയും 'കോൽ' വലിയ കുറ്റങ്ങളേയും ഉദാഹരിക്കുന്നു. നാം വലിയ തെറ്റുകാരായിരുന്നാലും അത് മറച്ചുവെച്ച് സഹോദരന്റെ നിസ്സാ രമായ കുറ്റം നിമിത്തം അവനെ വിമർശിക്കുവാനും ശിക്ഷിക്കുവാനും വെമ്പൽ കൊള്ളുന്നത് സാധാരണമാണല്ലോ.

'സ്വന്തം കണ്ണിൽ കോൽ വച്ചിട്ട് സഹോദരന്റെ കണ്ണിലെ കരട് എടുക്കുക' എന്നതിന്റെ അർത്ഥം ഇതാണ്. മറ്റുള്ളവരുടെ ഹൃദയം കാണുവാൻ കഴിവില്ലാത്തതിനാൽ നാം കൈകൊള്ളുന്ന തീരുമാനം എപ്പോഴും ശരിയായിരിക്കുകയില്ല. അതുകൊൺടാണ് വിധിക്കരുത് എന്ന് യേശു കൽപിക്കുന്നത്.

## F. പ്രാർത്ഥനയും ജീവിതവും (7:7-21)

1. 'കിട്ടുന്നതിന് ' നാം എന്തു ചെയ്യണം?

...............................................................................................................

...............................................................................................................

2. കൺടെത്തുവാൻ എന്താണ് ചെയ്യേൺടത്?

...............................................................................................................

...............................................................................................................

3. 12-ാം വാക്യത്തെ സ്വർണ്ണപ്രമാണം (The Golden Rule) എന്നു പറയുന്നു. അത്രയ്ക്ക് മഹത്തായ ഒരു കല്പനയാണിത്.

   പൂരിപ്പിക്കുക:-

   'മനുഷ്യർ നിങ്ങൾക്ക്...........................................................................................

   ...............................................................................അവർക്കും ചെയ്യുവിൻ'.

4. നാശത്തിലേക്ക് പോകുന്ന വഴിയും വാതിലും എങ്ങിനെയുള്ളതാകുന്നു?

...............................................................................................................

...............................................................................................................

5. ജീവങ്കലേക്കു പോകുന്ന വാതിലിനേയും വഴിയേയും പറ്റി എന്തറിയാം?

...............................................................................................................

...............................................................................................................

6. നാം ആഗ്രഹിക്കേൺട വാതിൽ ഏത്? കാരണം എന്ത് ?

...............................................................................................................

...............................................................................................................

7. 'കള്ള പ്രവാചകന്മാരെ സൂക്ഷിക്കണം. കാരണം എന്ത്' ?

...............................................................................................................

...............................................................................................................

## G. ഉപസംഹാരം (7:22-29)

തന്റെ വചനം കേട്ട് അനുസരിക്കുന്നവരേയും, കേട്ടിട്ടും അനുസരിക്കാത്തവരേയും കുറിച്ച് ഈ ഭാഗത്തിൽ യേശു പരാമർശിക്കുന്നു. വീട് പണിയുന്നവരുടെ ഉദാഹരണം ചൂൺടിക്കാണിച്ചു കൊൺട് വചനത്തെ അനുസരിക്കുന്നവർ ഏതു പ്രതികൂല സാഹചര്യങ്ങളിലും വിജയശ്രീലാളിതരായിത്തീരും എന്നു പറയുകയാണ്. ഈ വാക്കുകളെ നമുക്ക് ശ്രദ്ധിക്കാം.

1. സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നവൻ ആർ ?

...............................................................................................................

...............................................................................................................

സ്വർഗ്ഗസ്ഥനായ പിതാവിന്റെ ഇഷ്ടം ഏതെന്ന് യോഹന്നാൻ 6:29-ൽ യേശു വ്യക്തമാക്കി. ''ദൈവത്തിനു പ്രസാദമുള്ള പ്രവർത്തി അവൻ അയച്ചവനിൽ നിങ്ങൾ വിശ്വസിക്കുന്നതത്രേ''.

2. വചനങ്ങളെ അനുസരിക്കുന്നവൻ ഏതുപോലെയാണ് ?

..........................................................................................................

..........................................................................................................

3. 'പാറമേൽ പണിത വീട് വീണില്ല' . കാരണം എന്ത് ?

..........................................................................................................

..........................................................................................................

4. നാം ഏതു വീടിനെപ്പോലെ ആയിരിക്കണമെന്ന് അവൻ ആഗ്രഹിക്കുന്നു ?

..........................................................................................................

..........................................................................................................

# പാഠം 5

തുടർന്നുള്ള അദ്ധ്യായങ്ങളിൽ യേശു അത്ഭുത പ്രവൃത്തികളാൽ സ്വയം വെളിപ്പെടുത്തുന്നതായി വിവരിച്ചിരിക്കുന്നു. മനുഷ്യരുടെ കഷ്ടങ്ങളിൽ പ്രദർശിപ്പിച്ച സഹതാപം, അവരെ ശരീരത്തിലും ആത്മാവിലും സഹായിക്കുന്നതിനുള്ള തന്റെ മനസ്സ്, ശക്തി എന്നിവ തെളിഞ്ഞു കാണാം. ഇതാണ് സ്വർഗ്ഗ രാജ്യത്തിന്റെ ശക്തി.

## A. കുഷ്ഠ രോഗിയെ സുഖമാക്കിയത് (8:1-4)

1. കുഷ്ഠരോഗി എന്ത് അപേക്ഷിച്ചു?

..........................................................................................................

..........................................................................................................

2. യേശുഎന്തു ചെയ്തു ?

..........................................................................................................

..........................................................................................................

ഒരു വ്യക്തിക്ക് കുഷ്ഠം മാറിയാൽ പുരോഹിതന്റെ അനുവാദം നേടുക യും, ചില ശുദ്ധീകരണ ക്രിയകൾ അനുഷ്ഠിക്കുകയും ചെയ്യേൺടത് ആവശ്യമായിരുന്നു. അതു ചെയ്യുവാനായി യേശു അവനോട് പറയുകയാണ് (വാ. 4).

## B. ശതാധിപന്റെ ഭൃത്യനെ സുഖമാക്കുന്നു ? (8: 5-13)

നൂറു പട്ടാളക്കാരുടെ അധിപനായിരിക്കുന്ന ഒരു ഉദ്യോഗസ്ഥനെ ശതാധിപൻ എന്നു പറയുന്നു. ശതാധിപനോട് എന്തു പറഞ്ഞു ? (വാ. 7)

..........................................................................................................

..........................................................................................................

2. ശതാധിപന്റെ മറുപടി എന്ത് ?
ഒരു വാക്കു മാത്രം..........................................................................................

..........................................................................................................

രോഗിയെ കാണാതെ ദൂരത്തു നിന്നുകൊൺട് സൌഖ്യമാക്കുവാൻ യേശുവിനു കഴിവുൺടെന്ന് ശതാധിപൻ വിശ്വസിച്ചു. ആ വിധത്തിലുള്ള നിഷ്ക്കളങ്കമായ വിശ്വാസത്തെയാണ് യേശു പുകഴ്ത്തുന്നത് (വാ. 10-12).

## C. യേശു പത്രോസിന്റെ വീട്ടിൽ (8:14–17)

1. പനി വിട്ടുമാറി. കാരണം എന്ത് ?

.......................................................................................................................................

.......................................................................................................................................

2. വൈകുന്നേരമായപ്പോൾ എന്തു സംഭവിച്ചു ?

.......................................................................................................................................

.......................................................................................................................................

## D. ഗുരോ ഞാൻ നിന്നെ അനുഗമിക്കാം (8:18–22)

ഇവിടെ രണ്ടു പേർ യേശുവിന്റെ ശിഷ്യന്മാരാകുവാൻ ആഗ്രഹിക്കുന്നതായി കാണുന്നു. തന്റെ ശിഷ്യന്മാർക്ക് വീട്, സമ്പത്ത്, ചാർച്ചക്കാർ തുടങ്ങിയവയെ ചിലപ്പോൾ ഉപേക്ഷിക്കേണ്ടതായി വരുമെന്നും അതിനാൽ തന്നെ അനുഗമിക്കുന്നവൻ, തന്നെപ്പോലെയുള്ള ഒരു ത്യാഗ ജീവിതം നയിപ്പാൻ ഒരുങ്ങിയിരിക്കേണ്ടതാണെന്നും പഠിപ്പിച്ചു. (വാ. 20–22)

യേശുവിന്റെ കല്പന എന്ത് ? (വാ. 22)

.......................................................................................................................................

.......................................................................................................................................

## E. പ്രകൃതിയുടെ മേൽ യേശുവിനുള്ള അധികാരം (8:23–27)

1. ശിഷ്യന്മാർ യേശുവിനോട് എന്തപേക്ഷിച്ചു ?

.......................................................................................................................................

.......................................................................................................................................

2. ഏതിനെയെല്ലാം ശാസിച്ചു ?

.......................................................................................................................................

.......................................................................................................................................

പ്രകൃതി ശക്തികളുടെ മേൽ യേശുവിന് അധികാരം ഉൺടെന്ന് അവർ മനസ്സിലാക്കിയിരുന്നില്ല. ഏത് ആപത്തുകൾ വന്നാലും അതിൽ നിന്നും വിടുവിക്കുവാൻ കഴിവുള്ളവനാണ് നമ്മോടുകൂടെ യാത്ര ചെയ്യുന്ന ക്രിസ്തു എന്ന വാർത്ത നമ്മെ സമാധാനചിത്തരാക്കുന്നില്ലേ ?

## F. ഭൂതഗ്രസ്ഥനെ സൌഖ്യമാക്കുന്നത് (8:28–34)

1. ഭൂതഗ്രസ്ഥൻ എങ്ങിനെ വിളിക്കുന്നു ?

.......................................................................................................................................

.......................................................................................................................................

2. പട്ടണത്തിലുള്ളവരുടെ അപേക്ഷ എന്തായിരുന്നു?

.......................................................................................................................................

.......................................................................................................................................

യേശുവിന്റെ ശക്തിയും പ്രവർത്തനങ്ങളും കാണുമ്പോൾ നമ്മിൽ നിന്നും നമ്മുടെ രാജ്യത്തിൽ നിന്നും അവനെ അകറ്റിക്കളയുന്നതിനുള്ള പ്രവണത ചിലപ്പോൾ കാണുന്നുൺടല്ലോ. എന്നാൽ ശക്തനായ രക്ഷകനെ എന്നും നമ്മോടു കൂടെ നിറുത്തുകയാണ് വേൺടത്.

## G. പാപം മോചിക്കുന്നു (9:1–8)

1. എങ്ങനെയുള്ളവനെ കൊൺടു വന്നു?

.......................................................................................................................................

.......................................................................................................................................

2. യേശു അവനോട് എന്തു പറഞ്ഞു ?

.......................................................................................................................................

.......................................................................................................................................

3. അവന് എന്തധികാരമാണുള്ളത് ?

.......................................................................................................................................

.......................................................................................................................................

4. രോഗി എന്തു ചെയ്തു ?

.......................................................................................................................................

.......................................................................................................................................

യേശു വന്നതിന്റെ ഉദ്ദേശം 'പാപങ്ങളെ മോചിക്കുക' എന്നതാണ്. പാപം മോചിക്കു ന്ന വൻ ഒരു ഗുരുവോ, പ്രവാചകനോ മാത്രം ആയിരിക്കുക സാദ്ധ്യമല്ല. യേശു ദൈവത്താൽ അയക്കപ്പെട്ട സാക്ഷാൽ 'മശിഹ' ആകുന്നു. നമ്മുടെ പാപങ്ങളും അവൻ മോചിക്കും.

## H. മത്തായിയെ വിളിക്കുന്നത് (9:9–13)

1. മത്തായിയോട് എന്തു പറഞ്ഞു ?

.......................................................................................................................................

.......................................................................................................................................

2. അവൻ എന്തു ചെയ്തു?

.......................................................................................................................................

.......................................................................................................................................

3. ആരെ വിളിപ്പാൻ യേശു വന്നു ?

.......................................................................................................................................

.......................................................................................................................................

നാം പഠിച്ചുകൊൺടിരിക്കുന്ന സുവിശേഷത്തിന്റെ രചയിതാവാണ് ഈ മത്തായി. ചുങ്കം പിരിക്കുന്നവരെ (ചുങ്കക്കാരെ) യഹൂദന്മാർ വെറുത്തിരുന്നു. യേശുവാകട്ടെ അവരേയും സ്നേഹിച്ചു.

## പാഠം 6

## A. ഉപവാസത്തെപ്പറ്റി വിശദീകരിക്കുന്നു (9:14–17)

1. യോഹന്നാന്റെ ശിഷ്യന്മാരുടെ ചോദ്യം എന്തായിരുന്നു ?

.......................................................................................................................................

.......................................................................................................................................

2. പുതിയ വീഞ്ഞ് പഴയ തുരുത്തിയിൽ പകർന്നാൽ എന്തു സംഭവിക്കും ?

.......................................................................................................................................

.......................................................................................................................................

ഉപവാസം മുതലായ മതാചാരങ്ങളെ പഴയ തുണി, പഴയ വീഞ്ഞ് എന്നിവയോട് താരതമ്യപ്പെടുത്തുന്നു. ശക്തിയുള്ളതും പുതിയതുമായ തന്റെ സന്ദേശം ഏവരും കൈക്കൊൺട് രക്ഷ പ്രാപിക്കേണമെന്നതാണ് അവന്റെ ആഗ്രഹം. പുതിയതും പഴയതും കൂട്ടിക്കലർത്തുവാനുള്ള ശ്രമം അപകടമാണ് (തുരുത്തി പൊളിയും). യേശുവിന്റെ വചനങ്ങളെ മറ്റു പലതുമായി താരതമ്യപ്പെടുത്തിയും പുതിയ അർത്ഥങ്ങൾ കല്പിച്ചും പഠിക്കുന്നത് നമ്മെ ലക്ഷ്യത്തിലെത്തിക്കുകയില്ല. ബൈബിൾ വെളിപ്പെടുത്തുന്ന വിധത്തിൽ മാത്രം രക്ഷിതാവിനെ മനസ്സിലാക്കേൺടതാണ്.

## B. മരണത്തിന്മേലുള്ള അധികാരം (9:18–26)

1. തന്നെ തൊട്ട സ്ത്രീയോട് എന്തു പറഞ്ഞു ?
‘‘.......................................................................................................................
.........................................................................................................സൌഖ്യം വരും‘‘.
2. മരിച്ചു കിടന്ന ബാല എഴുന്നേറ്റു. കാരണം എന്ത് ?
.......................................................................................................................
.......................................................................................................................

ആ സ്ത്രീ യേശുവിൽ മാത്രമാണ് വിശ്വസിച്ചിരുന്നത്. അവളുടെ ഈ ഉറച്ച വിശ്വാസം അവളെ രക്ഷിച്ചു (വാ. 22) എന്നാണ് ഇവിടെ പറയുന്നത്. ആരിലെങ്കിലും ഉള്ള ഏതു വിശ്വാസവും ‘‘രക്ഷിക്കും‘‘ എന്ന് ഒരിക്കലും ബൈബിളിൽ പറഞ്ഞിട്ടില്ല എന്ന് ധരിക്കുക.

## C. യേശു മനസ്സലിവു കാണിക്കുന്നു. (9:27–38)

1. കുരുടന്മാർ എന്തു ചെയ്തു ?
.......................................................................................................................
2. കണ്ണു തൊട്ടുകൊൺട് യേശു എന്തു പറഞ്ഞു?
.......................................................................................................................
3. തന്റെ അടുക്കൽ വന്ന ഊമനെ യേശു എന്തു ചെയ്തു ?
.......................................................................................................................
4. ജനങ്ങളെ കൺടു മനസ്സലിഞ്ഞ യേശു ഗ്രാമം തോറും എന്തു ചെയ്തു?
.......................................................................................................................
.......................................................................................................................

## D. യേശു അപ്പോസ്തലന്മാരെ അയക്കുന്നത് (10:1–42)

1. ആർക്ക് യേശു അധികാരം കൊടുത്തു?
.......................................................................................................................
.......................................................................................................................
2. പൂരിപ്പിക്കുക -
‘‘പറയുന്നത് നിങ്ങൾ അല്ല ..........................................................................
.............................................................................................................ആത്മാവത്രെ‘‘.
3. ‘‘മനുഷ്യരുടെ മുമ്പിൽ എന്നെ .................................................................................
...................................................................................................ഞാനും തള്ളിപ്പറയും‘‘.

യേശു തന്റെ  ശിഷ്യന്മാരോട് ലോകത്തിൽ ഒക്കെയും പോയി തന്നെപ്പറ്റിയുള്ള സന്തോഷ സന്ദേശം (സുവിശേഷം) അറിയിക്കണമെന്ന് കൽപിച്ചു.  പല  ആപത്തുകളും എതിർപ്പുകളും വരും എങ്കിലും തെല്ലും ഭയപ്പെടാതെ ഈ ജോലി തുടർന്നു ചെയ്യണമെന്ന് യേശു പറയുകയാണ്.  അവരോടു കൂടെ ഞാൻ സദാ കാലവും ഇരിക്കും എന്നും അവരെ സകല വിധത്തിലും ശക്തീകരിക്കും എന്നും  ഉള്ള വാഗ്ദത്തം ഏറ്റവും പ്രധാനമായതാണ്. അന്ന് 12 പേർ പ്രസംഗിച്ചു എങ്കിൽ ഇന്നു 12 ലക്ഷത്തിലധികം പേർ പ്രസംഗിക്കുന്നു എന്ന് ഓർക്കുക.  അന്ന് ആ രാജ്യത്തിൽ പ്രവർത്തനം നടത്തിയെങ്കിൽ ഇന്നു ലോകം മുഴുവനും പ്രവർത്തനം നടന്നുകൊൺടിരിക്കുകയാണ്.  അന്നും ഇന്നും യേശുക്രിസ്തുവാണ് ഈ പ്രവർത്തനത്തെ നയിക്കുന്നത് എന്നതു മാത്രമാണ് ഈ നില നിൽപ്പിനും പുരോഗതിക്കും ഉള്ള ഏക കാരണം.  നമ്മുടെ സമീപത്തേക്കും വന്നിരിക്കുന്ന യേശുവിനെ സ്വീകരിക്കാമോ?

# ബൈബിൾ കറസ്പോൺടൻസ് കോഴ്സ്

(വിശുദ്ധ മത്തായി എഴുതിയ സുവിശേഷം)

**Bible Correspondence Course on Gospel of St. Mathew**

==========================================================

നിങ്ങളുടെ പേരും വിലാസവും ..........................................................................................................

..........................................................................................................................................................

==========================================================

N.B:- ഓരോ പാഠഭാഗവും മത്തായി സുവിശേഷത്തിൽ നിന്നും വായിച്ച ശേഷം മാത്രം ഉത്തരങ്ങൾ എഴുതുവാൻ ശ്രദ്ധിക്കുക.

## പാഠം 7

## A. വരുവാനുള്ളവൻ നീയാണോ? (11:1–19)

1. യോഹന്നാൻ എന്തു ചോദിപ്പിച്ചു?
‘‘വരുവാനുള്ളവൻ ..........................................................................................................................
..........................................................................................................................അവനോട് ചോദിച്ചു‘‘.

2. ആരാണ് ഭാഗ്യവാൻ?
..........................................................................................................................................................
..........................................................................................................................................................

യേശുവിനു മുൻപ് അനേകം നൂറ്റാണ്ടുകളായി ‘മശിഹ‘ വരും എന്ന് ജനങ്ങൾ കാത്തു കൊൺടിരുന്നു. ‘വരുവാനുള്ളവൻ‘ എന്നും അവനെ വിളിച്ചിരുന്നു. ഇപ്പോൾ യേശുവിനോട് വരുവാനുള്ളവൻ നീ തന്നെയാണോ അതോ ഞങ്ങൾ ഇനിയും വേറൊരാൾക്കു വേൺടി കാത്തിരിക്കണമോ എന്നതാണവരുടെ ചോദ്യം. തന്റെ സ്വഭാവത്തെയും പ്രവർത്തനങ്ങളേയും ചൂൺടിക്കാണിച്ചുകൊൺട് താൻ തന്നെയാണ് ‘മശിഹ‘ എന്നും തന്നിൽ വിശ്വസിക്കുന്നവൻ രക്ഷ പ്രാപിക്കും എന്നും ഉള്ള തീരുമാനത്തിലേക്ക് യേശു അവരെ നയിക്കുകയായിരുന്നു. നീയാണോ ലോക രക്ഷകനെന്നും, നീ മുഖാന്തിരം എന്റെ ആത്മാവിന് രക്ഷ കിട്ടുമോ എന്നും നമുക്ക് യേശുവിനോട് ചോദിക്കാം.

## B. വിശ്വസിക്കാത്തവർക്ക് — ഹാ! കഷ്ടം (11:20–30)

പൂരിപ്പിക്കുക -

1. ‘‘വീര്യ പ്രവർത്തികൾ നടന്ന പട്ടണങ്ങൾ ..........................................................................................
..........................................................................................................................ശാസിച്ചു തുടങ്ങി‘‘.

യേശുവിന്റെ പ്രവർത്തനങ്ങളേയും ഉപദേശങ്ങളേയും കാണുവാനും കേൾക്കുവാനും ഭാഗ്യമുൺടായ പട്ടണങ്ങളിലെ നിവാസികൾ ‘മാനസാന്തരപ്പെട്ടില്ല‘ എന്ന് യേശു വിലപിക്കുകയാണ്. യേശുവിന്റെ പ്രവൃത്തികൾ നാമും പഠിക്കുന്നുവല്ലോ? നമ്മെപ്പറ്റി യേശു എന്തു പറയും?

2. ‘‘ജ്ഞാനികൾക്കും ..............................................................................................................................
